**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **30-09-2025 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത കള്ള് ചെത്ത് വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത തൊഴിൽ മേഖലകളിൽ ഒന്നായ കള്ളുചെത്ത് തൊഴിലിലും കള്ള് വ്യവസായ മേഖലയിലും ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലകളിൽ ഒന്നായ കള്ളുചെത്ത് തൊഴിലും കള്ളുവ്യവസായവും സംരക്ഷിക്കുന്നതിന് സർക്കാർ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കള്ളുവ്യവസായം പരമ്പരാഗത വ്യവസായം ആണെങ്കിലും കാലഘട്ടത്തിന് അനുസൃതമായ മാറ്റങ്ങൾ ആധുനികവൽക്കരണം എന്നിവ അനിവാര്യമാക്കി തീർത്തിട്ടുണ്ട്. ഇത് മുന്നിൽ കണ്ടു കൊണ്ട് 2021 ൽ സംസ്ഥാനത്ത് കേരള കള്ള് വ്യവസായ വികസന ബോർഡ് രൂപികരിച്ചിട്ടുണ്ട്. കള്ളുവ്യവസായ മേഖലയെ സംഘടിപ്പിക്കുകയും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുക, ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക, കള്ള് ഉൽപ്പാദനം കൂടുതൽ ഉള്ള സ്ഥലങ്ങളിൽ നിന്നും അവ സംഭരിച്ച് ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ എത്തിക്കുക, കള്ളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, സീസൺ സമയത്ത് അധികമായി ലഭിക്കുന്ന കള്ള് കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക, അത്യുൽപ്പാദന ശേഷിയുള്ള തെങ്ങ് നട്ട് പിടിപ്പിക്കുക, കള്ള് ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുക, ആവശ്യാനുസരണം കള്ള് ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുക, വിനോദ സഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള ഷാപ്പുകൾ ആരംഭിക്കുക, തൊഴിലാളികൾക്കും പുതിയതായി ആ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക, കള്ള് ചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ സൂക്ഷിക്കുക, കർഷകർക്കും, |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്കും ഉപകരിക്കുന്ന തരത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കുകയും, ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക, ഈ രംഗത്ത് ആവശ്യമായിവരുന്ന ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആണ് കള്ള് വ്യവസായ വികസന ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.<br><br>കള്ള് വ്യവസായം പരിപോഷിപ്പിക്കുന്നതിനായി ടൂറിസ്റ്റ് കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നാല്, അഞ്ച് സ്റ്റാർ ക്ലാസ്സിഫിക്കേഷനുകളോടെ റ്റോടി പാർലറുകൾ ആരംഭിക്കുക, കുടുംബശ്രീ പോലെയുള്ള സംരംഭങ്ങളുടെ സഹകരണത്തോടെ കള്ളിൽ നിന്നും വിനാഗിരി പോലെയുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക, കള്ള് കുപ്പിയിൽ ആക്കി കയറ്റുമതി ചെയ്യുക, കള്ളിന്റെ കാലാവധി (shelf life) ദീർഘിപ്പിച്ച് കുപ്പിയിൽ അടച്ച് വിപണിയിൽ എത്തിക്കുക തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം മുന്നിൽ കണ്ട് ഓരോ കള്ളുഷാപ്പുകൾക്കും നിശ്ചിത തൊഴിലാളികൾ ഉണ്ടായിരിക്കണം എന്ന നിബന്ധന കർശനമായി പാലിച്ച് വരുന്നുണ്ട്. കൂടാതെ അടഞ്ഞുകിടക്കുന്ന കള്ളു ഷാപ്പുകളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. കള്ളുഷാപ്പുകൾ അടഞ്ഞു കിടന്നു തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കാതിരിക്കുന്നതിനായി കള്ളുഷാപ്പുകൾ ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | കള്ള് ചെത്ത് വ്യവസായ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ടോഡി ബോർഡ് ഉദ്ദേശിക്കുന്നത്; | (ബി) | കള്ളുവ്യവസായ മേഖലയെ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി ആദ്യ ഘട്ടമെന്ന നിലയിൽ കള്ള് ഷോപ്പുകൾക്ക് സ്റ്റാർ പദവി നല്കി അതിനനുസൃതമായ തലത്തിലേക്ക് ഉയർത്തി കേരളത്തിലെ കള്ള് ഷോപ്പുകളുടെ നിലവിലെ നിലവാരം മാറ്റുക, കേരളത്തിലെ ടൂറിസം സെന്ററുകൾ കേന്ദ്രീകരിച്ച് സ്റ്റാർ പദവിയിലുള്ള ടോഡി പാർലറുകൾ ആരംഭിക്കുക, കേരളത്തിലെ എല്ലാ കള്ള് ഷോപ്പുകളെയും ഒരു പൊതു ബ്രാൻഡിൽ കൊണ്ടുവരിക. നിശ്ചിത പദവിക്കനുസരിച്ച് ഏകീകൃത ഡിസൈൻ നല്കുക, ശുദ്ധമായ കള്ള് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കേരള ടോഡി ബ്രാൻഡിൽ കള്ള് ബോട്ടിലിംഗ് ആരംഭിക്കുക, അധികമായി വരുന്ന കള്ള് കുടുംബശ്രീയുമായി |

| | | | |
|---|---|---|---|
| | | | ചേർന്ന് മൂല്യവർദ്ധിത ഉല്പന്നമായ വിനാഗിരി നിർമ്മിച്ച് കുടുംബശ്രീ-ടോഡി ബോർഡ് സംയുക്ത ബ്രാൻഡിൽ വിപണനം ചെയ്യുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനാണ് ടോഡി ബോർഡ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്ട് 2021-ന്റെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിച്ച് 2024 മാർച്ച് മാസം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | കള്ള് ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുവാൻ ടോഡി ബോർഡ് വഴി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കാമോ; | (ഡി) | കള്ള് ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി കള്ള് ഉല്പാദനം കൂടുതലുള്ള സ്ഥലങ്ങളിൽ നിന്നും അവ സംഭരിച്ച് ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ എത്തിക്കുക, കള്ളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, സീസൺ സമയത്ത് അധികമായി ലഭിക്കുന്ന കള്ള് കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക, കള്ള് ലഭിക്കുന്നതിന് അത്യുല്പാദന ശേഷിയുള്ള വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുക, കള്ള് ഷോപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുക, ആവശ്യാനുസരണം കള്ള് ഷോപ്പുകൾ ഏറ്റെടുത്ത് നടത്തുക, വിനോദ സഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള കള്ള് ഷോപ്പുകൾ ആരംഭിക്കുക, തൊഴിലാളികൾക്കും പുതുതായി ഈ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക, കള്ള് ചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതിവിവരകണക്കുകൾ സൂക്ഷിക്കുക, കർഷകർക്കും തൊഴിലാളികൾക്കും ഉപകരിക്കുന്ന തരത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കുകയും ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക, ഈ രംഗത്ത് ആവശ്യമായ ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്നീ ചുമതലകളാണ് കള്ള് വ്യവസായ വികസന ബോർഡിനെ ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതോടെ ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ലഭ്യമാകും. |
| (ഇ) | ചെത്തിയ കള്ള് ബോട്ടിലുകളിൽ നിറച്ച് വിൽപ്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | ചെത്തിയ കള്ള് ബോട്ടിലുകളിൽ നിറച്ച് വില്പന ചെയ്യുന്നതിന് കള്ള് വ്യവസായ വികസന ബോർഡ് നടപടി സ്വീകരിച്ച് വരുന്നു. കള്ളിന്റെ ആയുസ്സ് (Shelf Life) ദീർഘിപ്പിച്ച് ബോട്ടിലിംഗ് നടപ്പിലാക്കുന്നതിനായി താത്പര്യ പത്രം ക്ഷണിച്ചു കൊണ്ടുള്ള നോട്ടീസ് മുൻനിര പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ